**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** | **11-02-2025 - ൽ മറുപടിയ്ക്ക്**

**പരവൂർ ചില്ലക്കൽ ഫിഷ് ലാൻഡിംഗ് സെന്റർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ ചില്ലക്കൽ തീരദേശത്ത് ഫിഷ് ലാൻഡിംഗ് സെന്റർ ആരംഭിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (എ) | NABARD RIDF XXVI ൽ ഉൾപ്പെടുത്തി Development of fish landing centre at Chilakkal, Kollam District എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 855.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. റാത്തിക്കൽ, ചില്ലയ്ക്കൽ എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി 15.11.2022-ന് കൂടിയ മന്ത്രിതല യോഗത്തിൽ നിലവിൽ ചില്ലക്കൽ ഫിഷ് ലാൻറിംഗ് സെന്ററിന്റെ പദ്ധതി പ്രദേശം ടൗട്ടേ ചുഴലിക്കാറ്റുമൂലം തീരം കടലെടുത്ത സാഹചര്യത്തിൽ ആദ്യപടിയായി തീരം പരിപോഷിപ്പിക്കുന്നതിനായി ജിയോട്യൂബ സംവിധാനം ഉപയോഗിച്ചുള്ള ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനും തുടർന്ന് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ലേലഹാൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തീരം പരിപോഷിപ്പിക്കുന്നതിനുള്ള മാതൃകാ പഠനം നടത്തുന്നതിനായി IIT Madrasനെ ചുമതലപ്പെടുത്തി National Centre for Sustainable Coastal Management (NCSM) മുഖേന CRZ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുകയും M/s Ultra Tech എന്ന സ്ഥാപനം മുഖേന Environment Impact Assessment (EIA) Study നടത്തുകയും ചെയ്തു.<br><br>IIT Madras നൽകിയ പഠന റിപ്പോർട്ടിൽ തീരം സംരക്ഷിക്കുന്നതിന് ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനാണ് ശുപാർശ ചെയ്തത്. തുടർന്ന് ഗ്രോയിൻ പ്രവൃത്തിക്കായി 625 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു. 5 short groyne കളാണ് തീരം പരിപോഷിപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നത്. എന്നാൽ 4 തവണ ടെണ്ടർ ചെയ്തിട്ടും പ്രതികരണം ലഭിച്ചില്ല. 5-ാ മത് റീടെണ്ടറിൽ ഒരു bidder മാത്രമാണ് ഉണ്ടായിരുന്നത്. അധിക നിരക്ക് 42.08% ആയതിനാൽ അംഗീകാരം നൽകാൻ സാധിച്ചില്ല.<br><br>പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായതിനാൽ RIDF ഹൈ പവർ കമ്മിറ്റിയുടെ തീരുമാനം പ്രകാരം പദ്ധതി RIDF Tranche XXVI-ൽ നിന്ന് നീക്കം ചെയ്തതായി NABARD അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി നടപ്പാക്കാനായില്ല തുടർന്ന് ടെണ്ടർ ക്യാൻസലേഷൻ നടപടികൾ സ്വീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തി താത്കാലികമായി നിർത്തിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | NABARD RIDF XXVI ൽ ഉൾപ്പെടുത്തി Development of fish landing centre at Chilakkal, Kollam District എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 855.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. റാത്തിക്കൽ, ചില്ലയ്ക്കൽ എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി 15.11.2022-ന് കൂടിയ മന്ത്രിതല യോഗത്തിൽ നിലവിൽ ചില്ലക്കൽ ഫിഷ് ലാൻറിംഗ് സെന്ററിന്റെ പദ്ധതി പ്രദേശം ടൗട്ടേ ചുഴലിക്കാറ്റുമൂലം തീരം കടലെടുത്ത സാഹചര്യത്തിൽ ആദ്യപടിയായി തീരം പരിപോഷിപ്പിക്കുന്നതിനായി ജിയോട്യൂബ് സംവിധാനം ഉപയോഗിച്ചുള്ള ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനും തുടർന്ന് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ലേലഹാൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തീരം പരിപോഷിപ്പിക്കുന്നതിനുള്ള മാതൃകാ പഠനം നടത്തുന്നതിനായി IIT Madrasനെ ചുമതലപ്പെടുത്തി National Centre for Sustainable Coastal Management (NCSM) മുഖേന CRZ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുകയും M/s Ultra Tech എന്ന സ്ഥാപനം മുഖേന Environment Impact Assessment (EIA) Study നടത്തുകയും ചെയ്തു.<br><br>IIT Madras നൽകിയ പഠന റിപ്പോർട്ടിൽ തീരം സംരക്ഷിക്കുന്നതിന് ഗ്രോയിനുകൾ സ്ഥാപിക്കുന്നതിനാണ് ശുപാർശ ചെയ്തത്. തുടർന്ന് ഗ്രോയിൻ പ്രവൃത്തിക്കായി 625 ലക്ഷം രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു. 5 short groyne കളാണ് തീരം പരിപോഷിപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നത്. എന്നാൽ 4 തവണ ടെണ്ടർ ചെയ്തിട്ടും പ്രതികരണം ലഭിച്ചില്ല. 5-ാമത് റീടെണ്ടറിൽ ഒരു bidder മാത്രമാണ് ഉണ്ടായിരുന്നത്. അധിക നിരക്ക് 42.08% ആയതിനാൽ അംഗീകാരം നൽകാൻ സാധിച്ചില്ല.<br><br>പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായതിനാൽ RIDF ഹൈ പവർ കമ്മിറ്റിയുടെ തീരുമാനം പ്രകാരം പദ്ധതി RIDF Tranche XXVI-ൽ നിന്ന് നീക്കം ചെയ്തതായി NABARD അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി നടപ്പാക്കാനായില്ല. തുടർന്ന് ടെണ്ടർ ക്യാൻസലേഷൻ നടപടികൾ സ്വീകരിച്ചു. |
| (സി) | പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെല്ലാമെന്നും ഫണ്ട് ലഭ്യതയ്ക്കുള്ള സാധ്യതകൾ എങ്ങനെയെല്ലാമെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ നബാർഡ് അംഗീകാരം റദ്ദ് ചെയ്തതിനാൽ സ്ഥല ലഭ്യതയും ഫണ്ടിന്റെ ലഭ്യതയും RIDFന്റെ പുതുക്കിയ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പുതിയ പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ